# സർവീസ്

നായർ സർവീസ് സൊസൈറ്റിയുടെ മുഖപത്രമായ സർവീസ് പ്രസിദ്ധീകരണം ആരംഭിച്ചിട്ട് വരുന്ന വിജയദശമിദിവസം 98 വർഷങ്ങൾ പൂർത്തിയാവുകയാണ്.

1914-ൽ നായർ സർവീസ് സൊസൈറ്റി പ്രവർത്തനമാരംഭിച്ച് അഞ്ചുകൊല്ലം കഴിഞ്ഞപ്പോൾതന്നെ അതിന്റെ പ്രവർത്തനപരിധി വളരെ വിപുലമായിത്തീർന്നു. സൊസൈറ്റിയുടെ സേവനങ്ങൾ സമുദായാംഗങ്ങളെ അറിയിക്കുന്നതിനും സന്ദേശങ്ങൾ അവരിൽ എത്തിക്കുന്നതിനും ഒരു പ്രസിദ്ധീകരണം കൂടിയേ കഴിയൂ എന്ന് പ്രവർത്തകർക്കിടയിൽ അഭിപ്രായമുണ്ടായി. താമസിയാതെതന്നെ 'സർവീസ്' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നതിന് തീരുമാനവുമായി. അതിന്റെ കാര്യത്തിലും പ്രധാന ചുമതല അന്നു ജനറൽ സെക്രട്ടറിയായിരുന്ന സമുദായാചാര്യൻതന്നെ ഏറ്റെടുക്കേണ്ടിവരുകയും ചെയ്തു.

ആലപ്പുഴ കേരളസന്താനം പ്രസിൽ അച്ചടിച്ച് 1095 കന്നിമാസത്തിലെ വിജയദശമിദിവസം (4-10-1919) ആദ്യത്തെ ലക്കം കറുകച്ചാലിൽ നിന്നും പ്രസിദ്ധീകരിച്ചു. ലേഖനങ്ങൾ ശേഖരിക്കുന്നതിനും കടലാസു വാങ്ങുന്നതിനും അച്ചടിപ്പിക്കുന്നതിനും സ്റ്റാമ്പ് ഒട്ടിച്ച് പോസ്റ്റുചെയ്യുന്നതിനും മുൻകൈ എടുത്ത് പ്രവർത്തിച്ചത് സമുദായാചാര്യൻ തന്നെയായിരുന്നു. സർവീസിന് സ്വന്തമായി അച്ചടിശാല നിർമ്മിക്കുന്നതിന് ധനസമ്പാദനം നടത്താനാണ് സമുദായാചാര്യൻ പ്രസിദ്ധമായ എഫ്.എം.എസ്. യാത്ര നടത്തിയത്. സർവീസിന്റെ നടത്തിപ്പിൽ സമുദായാചാര്യൻ എത്രമാത്രം താൽപര്യം കാണിച്ചിരുന്നു എന്ന് വെളിവാക്കാനാണ് ഇത്രയും കാര്യം സൂചിപ്പിച്ചത്.

ഒരു നൂറ്റാണ്ടുകാലത്തിനിടയിൽ വളരെയേറെ ക്ലേശവഴികൾ താണ്ടിയാണ് സർവീസ് ഇന്നത്തെ നിലയിൽ എത്തിച്ചേർന്നത്. പത്രരൂപത്തിൽ മാസികയായാണ് ആദ്യം പ്രസിദ്ധീകരിച്ചത് പിന്നീട് ത്രൈവാരികയായും ഇപ്പോൾ ദ്വൈവാരികയായും സർവീസ് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ബഹുവർണ്ണചിത്രങ്ങളോടെ പൂർണ്ണമായും ആർട്ട്പേപ്പറിൽ മാഗസിൻ സൈസിൽ ഇപ്പോൾ എല്ലാ ഇംഗ്ലീഷ്മാസവും ഒന്നാം തീയതിയും 15-ാം തീയതിയും സർവീസ് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. പ്രമുഖരായ സാഹിത്യകാരന്മാരുടെ ലേഖനങ്ങളും കവിതകളും സർവീസിനെ ആകർഷകമാക്കുന്നുണ്ട്.

മുഖപ്രസംഗം സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. മലയാളത്തിലെ മുൻനിരപത്രങ്ങൾ സർവീസിന്റെ മുഖപ്രസംഗങ്ങൾ ചർച്ചാവിഷയമാക്കുകയും അതേപടി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. വിജ്ഞാനപ്രദങ്ങളായ സ്ഥിരംപംക്തികൾ വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്രദമാകുന്നു. അറുപതു താലൂക്കു യൂണിയനുകളിലും അയ്യായിരത്തിഅഞ്ഞൂറിൽപരം കരയോഗങ്ങളിലും സർവീസിലൂടെ എൻ.എസ്.എസ്സിന്റെ സന്ദേശം എത്തിക്കൊണ്ടിരിക്കുന്നു. ഓരോ യൂണിയനിലും നടക്കുന്ന സമുദായക്ഷേമകരമായ പ്രവർത്തനങ്ങൾ സമുദായാംഗങ്ങൾക്ക് അറിയാൻ കഴിയുന്നു. സർവീസിൽ പ്രസിദ്ധീകരിക്കപ്പെടുന്ന വിവാഹപരസ്യങ്ങൾ സമുദായാംഗങ്ങൾക്ക് ഏറെ പ്രയോജനകരമാകുന്നുണ്ട്.

നായർസമുദായാംഗങ്ങളെ ഒരുപോലെ ചിന്തിപ്പിക്കുന്നതിനും ഒരുമിച്ചുനിർത്തുന്നതിനും പുരോഗതിയിലേക്ക് നയിക്കുന്നതിനും ഉതകുന്ന ഒരേയൊരു പ്രസിദ്ധീകരണം സർവീസ് മാത്രമാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് സർവീസിന്റെ പ്രചാരണത്തിനായി പ്രവർത്തിക്കുന്ന സമുദായാംഗങ്ങളും കരയോഗഭാരവാഹികളും യൂണിയൻഭാരവാഹികളും അഭിനന്ദനം അർഹിക്കുന്നു. 'ഒരു നായർഭവനത്തിൽ ഒരു സർവീസ്' എന്ന ലക്ഷ്യം പൂർത്തിയാക്കാൻ എല്ലാവരുടെയും കൂട്ടായ പരിശ്രമം ഇനിയും ഉണ്ടാകേണ്ടതുണ്ട്.